"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ സെക്രട്ടറിയേറ്റ് - ജീവനക്കാര്യം - പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട ലത എം-ന്റെ മകൻ ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുഭരണ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ്

സ.ഉ.(കൈ) നം.158/2024/GAD          തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-
1) 24/05/1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്
2) 21/02/2018-ലെ സ.ഉ.(പി)നം.5/2018/ഉഭപവ ഉത്തരവ്
3) 14/07/2023-ലെ സ.ഉ.(പി) നം.12/2023/ഉഭപവ ഉത്തരവ്
4) ശ്രീ. ഗോകുൽ കുമാർ ഒ.എൽ, ഒറ്റപുന്നവെളി വീട്, പള്ളിപ്പുറം പി.ഒ, ചേർത്തല, ആലപ്പുഴ - 688541 സമർപ്പിച്ച 15/11/2022-ലെ അപേക്ഷ.
5) പൊതുഭരണ (സർവ്വീസസ്-സി1) വകുപ്പിന്റെ SER-C1/368/2022-GAD ഫയൽ.
6) ആലപ്പുഴ ജില്ലാ കളക്ടറുടെ 09/10/2023-ലെ DCALP/7347/2023-A7 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിലേക്കായി, പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29/08/2020-ൽ മരണപ്പെട്ട ലത എം-ന്റെ മകൻ ശ്രീ. ഗോകുൽ കുമാർ ഒ.എൽ (ഒറ്റപുന്നവെളി വീട്, പള്ളിപ്പുറം പി.ഒ, ചേർത്തല, ആലപ്പുഴ - 688541) പരാമർശം (4) പ്രകാരം 15/11/2022-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതയായ ലത എം-ന്റെ സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ ജനനതീയതി 15/05/1968-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 08/12/2009 ഉം ആണ്. ടിയാൾക്ക് 10 വർഷവും 08 മാസവും 21 ദിവസവും പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി

കണക്കാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (6) പ്രകാരം അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2) അപേക്ഷകനായ ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന്റെ ജനന തീയതി 26/05/1993 ആണെന്നും ടിയാൻ എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളതാണെന്നും ടിയാന് 30 വയസ് പൂർത്തിയായിട്ടുണ്ടെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരേതയുടെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും അപേക്ഷകൻ സമർപ്പിച്ച ഡിക്ലറേഷൻ പ്രകാരവും ആലപ്പുഴ ജില്ലാ കളക്ടറുടെ പരാമർശം (6) റിപ്പോർട്ട് പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ ആശ്രിതൻ എന്നനിലയിൽ, അപേക്ഷകനായ ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന് ജോലിനൽകുന്നതിന് സമ്മതമാണെന്നറിയിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിലുൾപ്പെട്ട എല്ലാ അവകാശികളും സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം 72,000/- രൂപയാണെന്ന് (എഴുപത്തിരണ്ടായിരം രൂപ മാത്രം) പള്ളിപ്പുറം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം (2) & (3)-ലെ വ്യവസ്ഥകൾ പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സംരക്ഷണ സമ്മതമൊഴി / സമ്മതപത്രം ടിയാൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

3) പരാമർശം (4) പ്രകാരം അപേക്ഷകൻ സമർപ്പിച്ച അപേക്ഷയുടേയും, അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളുടേയും, പരാമർശം (5) ഫയലിലെ ശിപാർശയുടേയും, ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29/08/2020-ൽ മരണപ്പെട്ട ലത എം-ന്റെ മകൻ ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന് (ഒറ്റപുന്നവെളി വീട്, പള്ളിപ്പുറം പി.ഒ, ചേർത്തല, ആലപ്പുഴ - 688541) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 23000-50200 രൂപ ശമ്പള സ്കെയിലിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസ് ചട്ടം 9(a) (i), 10(b), 3(c) എന്നിവ പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ശ്രീ. ഗോകുൽ കുമാർ ഒ.എൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം പൊതുഭരണ സെക്രട്ടറിയേറ്റ് നോർത്ത് ബ്ലോക്കിലെ രണ്ടാം നിലയിലുള്ള പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മുൻപാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി

ച്ചവടെ പറയുന്ന രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിയമന ഉത്തരവ് റദ്ദാക്കുന്നതാണ്.

1. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. കേരള സർവീസ് റൂൾസ് പാർട്ട് I ചട്ടം 13 പ്രകാരവും 30/06/2011-ലെ സ.ഉ.(പി)നം. 20/2011/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരവുമുള്ള സിവിൽ സർജ്ജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ ഒപ്പുവെച്ചതും ഉദ്യോഗാർത്ഥിയുടെ വിരലടയാളം ഉള്ളതും പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചതുമായ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
3. അഞ്ച് പാസ്പോർട്ട് സൈസ് ഫോട്ടോകൾ, (മൂന്ന് ഫോട്ടോകളുടെ പുറക് വശത്ത് സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കണം).
4. സംസ്ഥാന സർക്കാർ സർവ്വീസിലുള്ള 2 ഗസറ്റഡ് ഓഫീസർമാർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയ 2 സ്വഭാവ സാക്ഷ്യപത്രം.
5. ആധാർ കാർഡ്, വോട്ടർ ഐഡന്റിറ്റി കാർഡ്, പാൻ കാർഡ്, റേഷൻകാർഡ് എന്നിവയുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5) ജോലിയിൽ പ്രവേശിക്കുവാൻ ഹാജരാകുമ്പോൾ മുകളിൽ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജോലിയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല.

6) ഇപ്പോഴുള്ള ജനന തീയ്യതി തിരുത്തി കിട്ടേണ്ടതുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച് 5 വർഷത്തിനകം (30/12/1991 ലെ സർക്കാർ ഉത്തരവ്(പി)45/91/ഉ.ഭ.പ.വ അനുസരിച്ച് അപേക്ഷിക്കേണ്ടതാണ്. പിന്നീട് ഈ കാര്യത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7) നിയമനത്തിനുശേഷം ഉദ്യോഗസ്ഥരുടെ സ്വഭാവം, പൂർവ്വചരിത്രം എന്നിവ സംബന്ധിച്ച് 05/06/2009-ലെ സ.ഉ. (അ) നം.79/2009/Home ഉത്തരവ് പ്രകാരം നടത്തുന്ന അന്വേഷണത്തിൽ സർക്കാരിന് എന്തെങ്കിലും അതൃപ്തി തോന്നുന്നപക്ഷം മുൻകൂർ അറിയിപ്പില്ലാതെതന്നെ ജോലിയിൽ നിന്നും പിരിച്ചുവിടാവുന്നതും, എന്നാൽ അന്വേഷണത്തിൽ സ്വഭാവം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കനുസൃതമായി ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന് റഗുലർ സർവ്വീസിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

8) ശ്രീ. ഗോകുൽ കുമാർ ഒ.എൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ

മൂന്നു വർഷത്തിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കുന്നതാണ്.

9) അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്ന വേളയിലോ അന്വേഷണം നടത്തുന്ന സമയത്തോ വസ്തുനിഷ്ഠമല്ലാത്ത വിവരങ്ങൾ നൽകിയതായോ, യഥാർത്ഥ്യം മറച്ചു വച്ചതായോ തെറ്റായ വിവരം ലഭ്യമാക്കിയതായോ കണ്ടെത്തുകയാണെങ്കിലോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കണ്ടെത്തുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

10) ശ്രീ. ഗോകുൽ കുമാർ ഒ.എൽ-ന്റെ നിയമനം സംബന്ധിച്ച വിവരങ്ങൾ മരണമടഞ്ഞ ഉദ്യോഗസ്ഥയുടെ സേവന പുസ്തകത്തിലും ടിയാൾ അവസാനം ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHARJA BEEVI K

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഗോകുൽ കുമാർ ഒ.എൽ, ഒറ്റപ്പുന്നവെളി വീട്, പള്ളിപ്പുറം പി.ഒ, ചേർത്തല, ആലപ്പുഴ - 688541 (Registered with AD)

ജില്ലാ കളക്ടർ, ആലപ്പുഴ

പൊതുഭരണ (അക്കൗണ്ട്സ്-എം), (സർവ്വീസസ്-സി1), (എ.എം.സെൽ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar V I
Date: 17-12-2024 12:44:04

സെക്ഷൻ ഓഫീസർ